**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **29-08-2022 - ൽ മറുപടിയ്ക്ക്**

**ചന്ദനത്തടികൾ മുറിച്ചു കടത്തിയ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ വനമേഖലയിൽ നിന്നും എത്ര കോടി രൂപയുടെ ചന്ദനത്തടികൾ മുറിച്ചു കടത്തിയതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 81,14,718 രൂപയുടെ ചന്ദന തടികൾ മുറിച്ചു കടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര തുകയുടെ ചന്ദനത്തടി പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ; | (ബി) | ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം, ടി കാലയളവിൽ 465 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 32 പേരെ ശിക്ഷിച്ചിട്ടുണ്ട്. 70,87,348 രൂപയുടെ ചന്ദന തടികൾ പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ചന്ദനക്കടത്തുമായി ബന്ധപ്പെട്ട് എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പ്രസ്തുത കാലയളവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ പദവിയിലുള്ള ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ചന്ദന കടത്തുമായി ബന്ധപ്പെട്ട് രണ്ട് ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർക്കെതിരെയും, ഏഴ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ ക്കെതിരെയും, നാല് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെയും, ഒരു ട്രൈബൽ വാച്ചർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. |
| (ഡി) | ചന്ദനകൊള്ളയുമായി ബന്ധപ്പെട്ട് നടപടികൾ നേരിട്ട അല്ലെങ്കിൽ നേരിടുന്ന എത്ര ഉദ്യോഗസ്ഥർ നിലവിൽ വനം വകുപ്പിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ചന്ദന കടത്തുമായി ബന്ധപ്പെട്ട് രണ്ട് ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർക്കെതിരെയും, ഏഴ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ ക്കെതിരെയും, നാല് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെയും, ഒരു ട്രൈബൽ വാച്ചർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ